# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**ഫോൺ :0471-2324997,2327630.ഫാക്സ്: 0471-2324997.** E mail - kstatvm@gmail.com

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 25-09-2012

# പാഠ്യപദ്ധതി പരിഷ്ക്കരണം - കെ.എസ്.ടി.എ വിയോജനക്കുറിപ്പ് നൽകി

**വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കരിക്കുലം കമ്മിറ്റിയോഗത്തിൽ പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ പേരിൽ നിലവിലുള്ള പാഠ്യപദ്ധതിയെ അട്ടിമറിക്കാനുള്ള നീക്കത്തിൽ പ്രതിഷേധിച്ചുകൊണ്ട് കരിക്കുലം കമ്മിറ്റിയംഗവും കെ.എസ്.ടി.എ ജനറൽ സെക്രട്ടറിയുമായ എം.ഷാജഹാൻ വിയോജനക്കുറിപ്പ് നൽകി. ഇതിനെത്തുടർന്ന് പാഠ്യപദ്ധതി പരിഷ്ക്കരണത്തെക്കുറിച്ച് പരിശോധിക്കാൻ വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ കരിക്കുലം കമ്മിറ്റി തീരുമാനിച്ചു. കേരള പാഠ്യപദ്ധതി 2007 ന്റെ അടിസ്ഥാനത്തിൽ 10-ാം ക്ലാസ് വരെയുള്ള പാഠപുസ്തകങ്ങൾ മാത്രമേ പരിഷ്ക്കരിച്ചിരുന്നുള്ളൂ. ഹയർസെക്കന്ററി പാഠപുസ്തക പരിഷ്ക്കാരം, പാഠ്യപദ്ധതിയിൽ പറഞ്ഞിട്ടുള്ള അക്കാദമിക് രംഗത്തെ മറ്റുപരിഷ്ക്കാരങ്ങൾ, ഘടനാമാറ്റവുമായ ബന്ധപ്പെട്ട നിർദ്ദേശങ്ങൾ എന്നിവയൊന്നും പരിശോധിക്കാതെ പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ പേരിൽ നിലവിലുള്ള പാഠ്യപദ്ധതി അട്ടിമറിക്കാനുള്ള തീരുമാനത്തിനെതിരെയാണ് വിയോജനക്കുറിപ്പ് നൽകിയത്.**

**എം. ഷാജഹാൻ**
ജനറൽ സെക്രട്ടറി

*NB:-വിയോജനക്കുറിപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

## 1 മുതൽ 10 വരെ ക്ലാസുകളിലെ പാഠ്യപദ്ധതി പരിഷ്ക്കരണം – വിയേജനക്കുറിപ്പ്

1 മുതൽ 12 വരെ ക്ലാസുകളിലെ പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നതിന് കരിക്കുലംകമ്മിറ്റി ധൃതിപിടിച്ചെടുക്കുന്ന തീരുമാനത്തോട് താഴെപ്പറയുന്ന കാരണങ്ങളാൽ വിയോജനക്കുറിപ്പ് പ്രകടിപ്പിക്കുന്നു.

ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ (എൻ.സി.എഫ്–2005) ചുവടുപിടിച്ച് തയ്യാറാക്കിയ കേരളപാഠ്യപദ്ധതി ചട്ടക്കൂടിന്റെ (കെ.സി.എഫ്–2007) അടിസ്ഥാനത്തിലാണ് 1 മുതൽ 10 വരെ ക്ലാസുകളിലെ സിലബസ്, പാഠപുസ്തകങ്ങൾ എന്നിവ ഇതിനുമുമ്പ് പരിഷ്ക്കരിച്ചത്. എൻ.സി.എഫ്–2005 മുന്നോട്ടുവെച്ച സമീപനവും സൈദ്ധാന്തിക അടിത്തറയും പൂർണമായി ഉൾക്കൊണ്ടുകൊണ്ടും അതിന് അനുപൂരകമായും തയ്യാറാക്കിയ കെ.സി.എഫ്–2007ലെ നിർദ്ദേശങ്ങൾ ഇതുവരെ പൂർണമായും സർക്കാർ നടപ്പിലാക്കിയിട്ടില്ല. 10–ാം ക്ലാസുവരെ നടത്തിയ പരിഷ്ക്കരണത്തിന്റെ തുടർച്ചയായി 11, 12 ക്ലാസുകളിലെ സിലബസ്, പാഠപുസ്തക പരിഷ്ക്കരണം ഇതുവരെ പൂർത്തിയാക്കിയിട്ടുമില്ല. ഈ പ്രക്രിയ പൂർത്തിയാക്കാതെ ധൃതിപിടിച്ച് 1 മുതൽ 10 വരെയുള്ള പാഠ്യപദ്ധതി, സിലബസ്, പാഠപുസ്തകം തുടങ്ങിയവ പരിഷ്ക്കരിക്കാനുള്ള തീരുമാനം തികച്ചും ദുരുദ്ദേശപരമാണ്.

എൻ.സി.എഫ്–2005 നെ അടിസ്ഥാനമാക്കി പാഠ്യപദ്ധതി പരിഷ്ക്കരണം നടത്തിയ ഏകസംസ്ഥാനം കേരളമാണ്. രാജസ്ഥാൻ, ആന്ധ്ര എന്നീ സംസ്ഥാനങ്ങൾ ഈ പ്രക്രിയ ഇതിനകം ആരംഭിച്ചു കഴിഞ്ഞു. മറ്റു സംസ്ഥാനങ്ങളും ഇതുനടപ്പിലാക്കണമെന്ന് എം.എച്ച്.ആർ.ഡി നിർബന്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണ് ദേശീയതലത്തിലുള്ളത്. ഈ അവസരത്തിലാണ് എം.എച്ച്.ആർ.ഡി യുടെകൂടി ഫണ്ടുപയോഗിച്ച് കേരളം നടത്തിയ പാഠ്യപദ്ധതി പരിഷ്ക്കരണത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്നത്.

വിദ്യാഭ്യാസ അവകാശനിയമത്തിന്റെ (ആർ.ടി.ഇ–2009) 5–ാം അധ്യായത്തിൽ കരിക്കുലം, മൂല്യനിർണയം തുടങ്ങിയവയുമായി ബന്ധപ്പെട്ട് പറഞ്ഞിട്ടുള്ള മിക്കകാര്യങ്ങളും കേരളം നടപ്പിലാക്കിയതാണ്. എൻ.സി.എഫ്–2005 നെ അടിസ്ഥാനമാക്കി സംസ്ഥാനതലത്തിൽ പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കാത്ത സംസ്ഥാനങ്ങൾക്കുമാത്രമാണ് ആർ.ടി.ഇ യുടെ നിർദ്ദേശം ബാധകമാകുകയുള്ളൂവെന്ന കാര്യം ഓർക്കേണ്ടതാണ്.

സ്റ്റേറ്റിലെ കരിക്കുലം, സിലബസ്, പാഠപുസ്തകങ്ങൾ മൂല്യനിർണയം എന്നിവ എൻ.സി.ഇ.ആർ.ടി യോട് കിടപിടിക്കത്തക്കതല്ലെന്ന അഭിപ്രായം സ്വീകാര്യമല്ല. ഇതിന്റെ താരതമ്യപഠനം നടത്തിയത് എന്തിന്റെ അടിസ്ഥാനത്തിലെന്ന് വ്യക്തമല്ല. എൻ.സി.ഇ.ആർ.ടി കരിക്കുലവും സ്റ്റേറ്റ് കരിക്കുലവും തമ്മിൽ താരതമ്യം നടത്തിയത് എങ്ങിനെയാണെന്നും മനസിലാകുന്നില്ല. കരിക്കുലത്തിന്റെ പൊതുസമീപനം, സിലബസ്, പാഠപുസ്തകം, വിനിമയരീതി, മൂല്യനിർണയം എന്നിവ താരതമ്യം ചെയ്തപ്പോൾ ഏതെല്ലാം ഘടങ്ങളിൽ എന്തുമെച്ചമാണ് കണ്ടെത്തിയത്? താരതമ്യപഠനം നടത്തിയ വിദഗ്ദ്ധർ ആരൊക്കെയാണ്? തുടങ്ങിയ പലചോദ്യങ്ങൾക്കും ഉത്തരം നേടിക്കൊണ്ടുമാത്രമേ ഈ പഠനത്തിന്റെ ശാസ്ത്രീയത അംഗീകരിക്കാൻ കഴിയുകയുള്ളൂ. പല ഏജൻസികളും നടത്തിയ പഠനത്തിൽ സമീപനത്തിലും വിനിമയ രീതിയിലും മൂല്യനിർണയത്തിലും സ്റ്റേറ്റ് എൻ.സി.ഇ.ആർ.ടി യെക്കാൾ വളരെ മുന്നിലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 1 മുതൽ 10 വരെയുള്ള ശാസ്ത്ര വിഷയങ്ങളിൽ സ്റ്റേറ്റ് സിലബസും പാഠപുസ്തകത്തിന്റെ ഉള്ളടക്കവും വളരെ മെച്ചമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഭാഷാവിഷയങ്ങളുടെ ഉള്ളടക്കത്തിലും വിനിമയ രീതിയിലും എൻ.സി.ഇ.ആർ.ടി യെക്കാൾ മെച്ചപ്പെട്ട സ്ഥിതി കേരളത്തിനുണ്ട്. എങ്കിലും കെ.സി.എഫിന്റെ അടിസ്ഥാനത്തിൽ സിലബസ്, പാഠപുസ്തകം, മൂല്യനിർണയം എന്നിവയിൽ എന്തെങ്കിലും കുറവുകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നീക്കം ഉചിതമാണ്.

പാഠ്യപദ്ധതി പരിഷ്ക്കരിക്കുമ്പോൾ എൻ.സി.എഫ്, കെ.സി.എഫ് എന്നിവ മുന്നോട്ടുവെച്ച സമീപനത്തിലും സൈദ്ധാന്തിക അടിത്തറയിലും എന്തുമാറ്റമാണ് വിഭാവന ചെയ്യുന്നതെന്ന് വ്യക്തമാക്കേണ്ടതുണ്ട്. അത് വ്യക്തമാക്കാതെ ധൃതിപിടിച്ച് പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നത് ഉചിതമല്ല.

വിശദവും ശാസ്ത്രീയവുമായ ഒരുപഠനത്തിന്റെ വെളിച്ചത്തിൽ സാവകാശം ഘട്ടംഘട്ടമായി നടത്തേണ്ട ഒരു പ്രക്രിയയാണ് പാഠ്യപദ്ധതി പരിഷ്ക്കരണം. നിലവിലുള്ള പാഠ്യപദ്ധതിയെക്കുറിച്ച് അത്തരത്തിലൊരു പഠനം നടത്തിയതായി അറിവില്ല. സമീപനരേഖ തയ്യാറാക്കൽ, വിവിധ ഫോക്കസ് ഗ്രൂപ്പുകൾ നിശ്ചയിക്കൽ, ഫോക്കസ് ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ പഠനങ്ങൾ, ചർച്ചകൾ എന്നിവ നടത്തി നിലപാടുരേഖകൾ (Position Papers) തയ്യാറാക്കൽ, നിലപാടുരേഖകളെ അടിസ്ഥാനമാക്കി കേരളത്തിന്റെ കരട് പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കൽ, ഇത് വിവിധ തലങ്ങളിൽ ചർച്ച ചെയ്യൽ, 1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ സിലബസ് തയ്യാറാക്കൽ, വിവിധ ഘട്ടങ്ങളായി പാഠപുസ്തകങ്ങൾ, അധ്യാപക സഹായികൾ എന്നിവ തയ്യാറാക്കൽ, പരീക്ഷാരീതി പരിഷ്ക്കരിക്കൽ എന്നിങ്ങനെ വളരെ നീണ്ട ഒരു പ്രക്രിയയെ ലഘുവായിക്കണ്ട് ധൃതിപിടിച്ച് പാഠ്യപദ്ധതി പരിഷ്ക്കരിക്കുന്നത് അപകടം ചെയ്യും. 1 മുതൽ 8 വരെ ക്ലാസുകളിൽ ഒരുമിച്ച് പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുക എന്നതും അപ്രായോഗികമാണ്. ഇരുന്നൂറോളം പാഠപുസ്തകങ്ങളും അത്രതന്നെ അധ്യാപകസഹായികളും ഒറ്റയടിക്ക് മാറ്റുക എന്നതിന്റെ ഉദ്ദേശശുദ്ധി സംശയിക്കേണ്ടിയിരിക്കുന്നു.

വിശ്വസ്തതയോടെ,

**എം ഷാജഹാൻ**
(കരിക്കുലം കമ്മിറ്റി മെമ്പർ)
ജനറൽ സെക്രട്ടറി